എ കെ  എസ് ജി എച്ച് എസ് എസ് മലപ്പട്ടം, കണ്ണൂർ



# ലിറ്റിൽ മാജിക്

ലിറ്റിൽ കൈറ്റ് 2020 മാഗസിൻ



# ആശംസ

ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ കൈറ്റിലെ അംഗങ്ങളായ കുട്ടികളുടെ രചനകൾ അടങ്ങിയ little magic എന്ന മാഗസിനാണ് ഇത്. ഓരോ കുട്ടിയുടേയും സാഹിത്യ വാസനയും അഭിരുചിയും വളർത്തിയെടുക്കാനും,അവരുടെ സാഹിത്യ വാസനകൾ തിരിച്ചറിഞ്ഞ് അവരെ ഉയരങ്ങളിലേക്ക് എത്തിക്കാനും ഈ മാഗസിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.



ഹെഡ്മിസ്ട്രസ്

# താളുകൾ മറിയുമ്പോൾ...


- കഥയില്ലാത്തവൾ [കഥ] -അഭയ.ടി.വി ( 4 )
- ഗ്രാമം എന്ന വിശ്വലോകം [കവിത] -അദ്വൈത്.കെ ( 5 )
- പനിനീർപൂക്കളുടെ കൂട്ടുകാരൻ [കഥ] -അമൽജിത്ത്.എൻ.വി ( 6 )
- അമ്മ [കവിത] -അർഷ.കെ.കെ ( 7 )
- പുസ്തകം എന്ന മഹാലോകം [കവിത] -ആയിഷാബിബഷീർ ( 8 )
- മൂകാംബിക [യാത്രാനുഭവം] -ദിൽന.കെ.കെ ( 9 )
- കണ്ണൻ [കവിത] -ദിൽന.കെ.കെ (10)
- ജറാൾഡ് ഡ്യൂറലിന്റെ,എന്റെ വീട്ടുകാരും
  മറ്റ് ജീവികളും [ആസ്വാദനക്കുറിപ്പ്] -ജാസിദ സിദ്ദീഖ് (11)
- മറഞ്ഞ നാളുകൾ [കവിത] -അർഷിദ.പി.പി (12)
- അനുഭവം -റോസ് മരിയ.എൻ.ജെ (13)
- ഗുരു എന്ന ദൈവം [കവിത] -അശ്വിൻ (14)
- പൂ നിറഞ്ഞ പൂന്തോട്ടം [കവിത] -ഷംന.പി.വി (15)
- ചിത്രം -ദേവിക.കെ (16)
- തോരാത്ത മഴ [അനുഭവം] -അഭയ.ടി.വി (17)
- പിറന്നാൾ സമ്മാനം [അനുഭവം] -അർഷ.കെ.കെ (18)
- ബാല്യകാലം [കവിത] -അസ്അദ്.കെ.വി (19)
- ചിത്രം -ഫാത്തിമ.എം.വി (20)
- കൂട്ടുകാരൻ [കവിത] -ആഷിൽ.വി (21)
- MY MOTHER [POEM] -ROSE MARIYA (22)

- മഴ ഓർമയായ് [കവിത] -അബൂബക്കർ സിദ്ദീഖ് (23)
- പുഴ വിഴുങ്ങിയ അവധിക്കാലം [കഥ] -ജസ്ന.പി (24)
- അറിവ് പകർന്നീടാം [കവിത] -ജാസിദ സിദ്ദീഖ് (25)
- ചിത്രം -അർഷിദ.പി.പി (26)
- പ്രളയം തീർത്ത ഓണക്കാലം [കവിത]-ദേവിക.കെ (27)
- ചിത്രം -ദേവിക.കെ (28)
- സൂര്യന്റെ വെളിച്ചം [കവിത] -റംഷാദ്.പി.കെ (29)
- പ്രകൃതിയുടെ ഭീകരത [കഥ] -ഫാത്തിമ.എം.വി (30)
- കുരുന്നെൻ കൂട്ടുകാരി [കവിത] -നാസിൽ.സി.പി (31)
- എന്റെ യാത്രാനുഭവം [യാത്രാനുഭവം] - ഷംന.വി.പി (32)
- എന്റെ വിദ്യാലയം [ഓർമക്കുറിപ്പ്] -സിനാൻ.എം.സി (33)

# കഥയില്ലാത്തവള്

എനിക്ക്  പറയാനൊരു കഥപോലും സ്വന്തമായുണ്ടായിരുന്നില്ല. അത്കൊണ്ട് ഞാൻ മറ്റുള്ളവരുടെ കഥ പറഞ്ഞു.  നാല് മണിയുടെ  മണിമുഴങ്ങുമ്പോൾ അനാഥമാവുന്ന ക്ലാസ് മുറികളുടെയും ബോർഡുകളുടെയും കഥ പറഞ്ഞു. സൂര്യനെ കാണാതായാൽ ചന്ദ്രനെ തേടിപ്പിടിക്കുന്ന വാനിന്റെ കഥ പറഞ്ഞു തള്ളക്കോഴി കുഞ്ഞുങ്ങളെ  കൊത്തിയോടിക്കുമ്പോൾ പൊട്ടിത്തകരുന്ന ചങ്ങലക്കണ്ണിയുടെ  കഥ പറഞ്ഞു.  കോടിക്കണക്കിന് പേരുടെ കണ്ണീരിൽ മുങ്ങിയ പ്രളയത്തിന്റെ  കഥ പറഞ്ഞു.  മഴവില്ലിനെ സ് നേഹിച്ച് കണ്ണീർ വാർത്ത  കാർമുകിലിന്റെ  കഥ  പറഞ്ഞു.   കുപ്പത്തൊട്ടിയിൽ  ഉപേക്ഷിച്ച് പോവുന്ന കുഞ്ഞുജന്മങ്ങളുടെ  കഥ പറഞ്ഞു.    ആരും പറയാത്ത,ആരും കേൾക്കാത്ത കഥ പറഞ്ഞു. ഒടുവിൽ......

ഒടുവിൽ  അവർ എന്റെ കഥ പറഞ്ഞു.

ആ  പെണ്ണിന് ഭ്രാന്താണ്.

അഭയ.ടി.വി

# ഗ്രാമം എന്ന വിശ്വലോകം

ഗ്രാമത്തിൽ ജനിച്ച ഞാൻ

നഗരത്തിൽ വളർന്ന ഞാൻ

എൻജീവനെന്നും ഗ്രാമത്തിൽ മാത്രം


എൻ സൃഷ്ടി എന്നും ഗ്രാമത്തിൽ മാത്രം

മനം നൊന്ത് കണ്ണ് നിറഞ്ഞ്

സഹിച്ച ഞാൻ നഗരത്തിൽ ഇന്നും

അദ്വൈത്.കെ

# പനീനീർപൂക്കളുടെ കൂട്ടുകാരന്



പനിനീർ പൂക്കളെയും പിഞ്ചു കുഞ്ഞങ്ങളെയും ഒരുപോലെ സ്നേഹിച്ച മഹാനായിരുന്നു ജവഹർലാൽ നെഹ്റു. ഏവരും അദ്ദേഹത്തെ ചാച്ചാജി എന്നു പറയുന്നു. ഒരു സ്ത്രീ കാരണം ആണ് എന്നും പനിനീർ പൂ കീശയിൽ വയ്ക്കാൻ കാരണം . ഒരു സ്ത്രീ ഒരിക്കൽ പനിനീർ പൂ നൽകി അത് ഒരു മടിയും കൂടാതെ അത് സ്വീകരിച്ചു പിന്നെ ഇത് കണ്ട തോട്ടം സൂക്ഷിപ്പുക്കാരൻ ദിവസവും ഒരോ പൂവ് വീതം നെഹറുവിന് നൽകാൻ തുടങ്ങി .നെഹ്റു ഇന്ത്യയുടെ പ്രധാന മന്ത്രിയായ സമയത്താണ് ഇത് സംഭവിച്ചത്. ഇതു കൊണ്ടാണ് നെഹ്റു പനിനീർ പൂവിന്റെ കൂട്ടുകാരനായത്.

അമൽജിത്ത്.എൻ.വി

# അമ്മ



ജീവിതത്തിലെ നൂൽപ്പാലമായിരുന്നു

അമ്മ ഒരിക്കലും പൊട്ടിചിതറാത്ത കണ്ണി.

ലക്ഷ്യമെന്തെന്ന് അറിയാതെ നടന്ന്

നീങ്ങുമ്പോഴും എന്നും നിഴലായി നടന്നവൾ

ചില നാളുകളിൽ നൂൽപ്പാലത്തിലൂടെ നടന്ന് നീങ്ങുമ്പോള് തെന്നിവീഴാം,

എന്നാൽ ഒരു കരം എന്നെ തടഞ്ഞുനിർത്തുന്നു. കണ്ണിയിൽ നിന്ന് അകന്ന്

പറന്ന നാളുകളിൽ ഞാൻ ആനന്ദിച്ചിരുന്നു.

അർഷ.കെ.കെ


# പുസ്തകം എന്ന മഹാലോകം



അക്ഷരച്ചെപ്പുകൾ നിറഞ്ഞതാ-
മഹാലോകം വിദ്യാലോകം.
രാവിൽ കളിച്ചും പറന്നും നടക്കുന്ന
കിളികളാകാൻ പറക്കുക ലോകത്തിൽ.
വിദ്യ നിറച്ച് തളിച്ചൊരു ഗുരുവിന്റെ
വാക്കുകൾ ചേർത്ത് നിർത്താം ലോകത്തിൻ
കണ്ണീർ തുടച്ചാലും വിദ്യപഠിക്കണം
വളരണം വലുതായി കിളികളെപോലെ
പറന്നുയരണം ലോകമാകുന്ന പുസ്തകത്തിൽ
ചിറകുകളാകണം പാഠങ്ങൾ.

ആയിഷാബി ബഷീർ.കെ

# എന്റെ യാത്രാനുഭവം



ഒരു ദിവസം ഞാനും എന്റെ കുടുംബക്കാരും മൂകാംബികയിൽ പോയിരുന്നു. എനിക്ക് പോയതിൽ വച്ച് കൂടുതൽ നല്ല അനുഭവം ഉണ്ടായത് മൂകാംബികയിൽ പോയതായിരുന്നു. അവിടെ രണ്ട് ദിവസം നിന്നിരുന്നു. ആ നാളുകൾ എനിക്ക് എന്നും പ്രിയപ്പെട്ടതായിരുന്നു.അച്ഛനും അമ്മയ്ക്കും ചേച്ചിക്കും പോകണമെന്നുണ്ടായിരുന്നു. അമ്പലത്തിന്റെ പുറത്ത് നിറയെ മുല്ലപൂക്കൾ വിതരണം ചെയ്യുന്നുണ്ടായിരുന്നു. ആൾക്കൂട്ടത്തിനിടയിൽ അമ്പലത്തിനുള്ളിലേക്ക് കയറി.മനസ്സിലുണ്ടായിരുന്ന ദുഃഖങ്ങൾ മനസ്സിരുത്തി പ്രാർത്ഥിച്ചു.അവിടെനിന്നും മടങ്ങി.അടുത്തത് പോയത് മുരുഡേശ്വരത്തായിരുന്നു. അവിടെനിന്നും ഫോട്ടോ എടുത്തു. അമ്പലത്തിനുള്ളിൽ കയറി പ്രാർത്ഥിച്ചു.ഇവിടെ വച്ച് രണ്ടുമൂന്ന് സീരിയൽ ഷൂട്ടിങ് ചെയ്തിരുന്നു. മറക്കാൻ കഴിയാത്ത അനുഭവമായിരുന്നു.അവിടെ നിന്നും ഇറങ്ങി.അടുത്തതായി പോയതു തൃശ്ശൂർ ആയിരുന്നു.എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട സ്ഥലമായിരുന്നു.അവിടെയുള്ള ഒരു അമ്പലത്തിൽ പോയി.രണ്ട് തവണ ഈ അമ്പലത്തിൽ പോയിരുന്നു. മതിയായിരുന്നില്ലായിരുന്നു. എനിയും പോകണം എന്നുണ്ടായിരുന്നു. വിചാരിച്ചതിലുമതികം സന്തോഷിച്ചു. മറക്കാൻ കഴിയാത്തഎന്റെ അനുഭവം ജീവിതത്തിൽ ഒരിക്കലും മറക്കില്ല.

തൃശ്ശൂർ മാമ്മിയുടെ വീട്ടിൽ ഒരു ദിവസം താമസിച്ചിരുന്നു.പിറ്റേ ദിവസം എല്ലാവരോടും യാത്ര പറഞ്ഞ് വീട്ടിലേക്കു മടങ്ങി.

ദിൽന.കെ.കെ

# കണ്ണൻ




കണ്ണിൽ കണ്ണനിരിക്കുമ്പോൾ
കാണേണ്ടതു നാം കാണേണം
നാക്കിൽ വാണിയിക്കുമ്പോൾ
ചൊല്ലേണ്ടതുനാം ചൊല്ലേണം
ഹൃത്തിൽ വേണുവിരിക്കുമ്പോൾ
സ്നേഹത്താൽ നാം പാടേണം
സ്നേഹത്താൽ നാം പാടുമ്പോൾ
ദൈവം കൂടെ പാടുന്നു

ദിൽന.കെ.കെ

# ജറാൾഡ് ഡ്യൂറലിന്റെ , എന്റെ വീട്ടുകാരും മറ്റ് ജീവികളും

ജറാൾഡ് ഡ്യൂറലിന്റെ പ്രകൃതി ജീവിതത്തിന്റെ അനുഭവങ്ങൾ പങ്കിടുന്ന പുസ്തകമാണ് എന്റെ വീട്ടുകാരും മറ്റ് ജീവികളും. പ്രകൃതിയോടിണങ്ങി ജീവിക്കുക പറയാനെളുപ്പമാണ് പക്ഷെ , പ്രവർത്തിയിൽ കൊണ്ടുവരിക വളരെ ദുഷ്കരമാണ്. അത്തരത്തിൽ പ്രകൃതി ജീവിതത്തിന്റെ അനുഭവങ്ങൾ പറയുന്ന പുസ്തകമാണ് ഇത്. ഇത് പുനരാക്യാനം ചെയ്തത് ജി.സാജൻ ആണ്.




പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ ശ്രമിക്കുന്ന സമൂഹത്തെയാണ് ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നത്. പുനരാഖ്യാനം വിഭാഗത്തിൽ സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2007 ലെ അവാർഡിന് അർഹമായ ഗ്രന്ഥമാണ് ഇത്.വായനക്കാർക്ക് ഈ ഗ്രന്ഥം ഒരു പുതിയ അനുഭവം ഈ പുസ്തകം പ്രദാനം ചെയ്യും.

ജാസിദ സിദ്ദീഖ്

# മറഞ്ഞ നാളുകൾ

മഞ്ഞിന്റെ രാവിൽ
മരുതകം ചൂടി
പുതപ്പിച്ച് നിന്ന്
തണുത്തു വിറച്ച കൈകളും മറ്റും
ഞാനും അടങ്ങിയ ശിരസ്സ്
ഇന്നത്തെ കാലം വിശറിയിൽ തങ്ങി
ഇന്നും അതു ഞാൻ എൻ മനസ്സിൽ
ചേർത്തുനിർത്തിയ രഹസ്യം..

അർഷിദ.പി.പി

# അനുഭവം

ഒരിക്കൽ വയക്കര സ്കൂളിൽ, ഒന്നാം പിരീഡിൽ, മലയാളം ക്ലാസിൽ ഡയറിയും,പത്രവാർത്തയും എഴുതി അവതരിപ്പിക്കുന്ന പതിവുണ്ടായിരുന്നു. എന്നോട് വായിക്കാൻ പറഞ്ഞു. ഞാൻ വായിച്ചു. സമ്മാനം ലഭിച്ചു. അങ്ങനെ ഒരിക്കൽ യൂറീക്കയിലേക്ക് എന്റെ ഒരു ദിവസത്തെ ഡയറി തിരഞ്ഞെടുക്കുകയുണ്ടായി. അങ്ങനെ യൂറീക്കയിൽ എന്റെയും 7b യിൽ പഠിക്കുന്ന അഭയയുടെയും ഡയറി പ്രസിദ്ദീകരിക്കുകയുണ്ടായി. സ്കൂളിന്റെ മാസികയായ ഇളംമൊഴിയിലും പ്രസിദ്ദികരിക്കുകയുണ്ടായി.
രണ്ടിലും എന്റെ  ഡയറി കണ്ടപ്പോൾ എനിക്ക് വളരെ സന്തോഷമായി.

റോസ് മരിയ.എൻ.ജെ

# ഗുരു എന്ന ദൈവം



അക്ഷരമാലയിൽ തീർത്തു ഞാൻ
ഒരു വാക്കിന്റെ മഹത്വം നെഞ്ചിലെന്നും
ഓർത്തിരിക്കും ഒരു മുഖം ഒരു വാക്ക്
ഗുരുവെന്ന വാക്കിന്റെ രണ്ടക്ഷരത്തിൽ
ഒതുങ്ങില്ല മഹത്വങ്ങൾ ഇന്നും എന്നും
ആയിരം നാവുള്ള ഗുരുവാണ്
നമ്മുടെ ദൈവം മഹത്വജീവി
മറക്കരുതൊരിക്കലും ഗുരുവിനെ


അശ്വിൻ

# പൂ നിറഞ്ഞ പൂന്തോട്ടം



നിറകളികകൾ ചൂളം പിടിച്ച്
വിടർന്നിരുന്ന് രാവും പകലും
പച്ചപിടിച്ച കാടുകളും
പലനിറം ഉകിളുകി
കരിവർണ്ണ കണ്ണുകളായ്
പൂവിനെ തൊട്ടും തലോടിയും
തേനുകൾ ശേഖരിച്ചങ്ങ്
കുഞ്ഞുപൂമ്പാറ്റകൾ നാവിൽ മധുരിക്കും
അമ്മ വിടർമൊട്ടുപോലെ നോക്കിനിൽക്കും

ഷംന.വി.പി



**ദേവിക.കെ**



# തോരാത്ത മഴ

ഞാൻ മഴയുമായി അടുത്തിടപിഴകി വളർന്ന ഒരാളായിരുന്നു. മഴയനുഭവങ്ങൾ ഒരുപാട് ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ അനുഭവങ്ങളെല്ലാം സ്കൂളുകളിലേക്കുള്ള പോക്കുവരവുകളിലൂടെ മാത്രമായിരുന്നു എനിക്ക് കിട്ടിയിരുന്നത്. വീട്ടിൽ മഴയുമായി മുഖാമുഖം നോക്കിയിരിക്കാനെ എനിക്ക് കഴിഞ്ഞിരുന്നുള്ളൂ. കുട്ടിക്കാലത്ത് ഒരു ബാധ പോലെ എന്നെ വിട്ടൊഴിയാത്ത പനിയും ശ്വസംമുട്ടലും കാരണം അച്ഛനും അമ്മയും മഴയിൽ നിന്ന് എന്നെ അകറ്റിയിരുന്നു. കർക്കിടകമാസത്തിലെ ആർത്തിരമ്പി വരുന്ന മഴയെ എനിക്ക് വളരെ ഇഷ്ട്മായിരുന്നു.ഓട്ടിറമ്പിലൂടെ ളുവെള്ളി കമ്പി പോലെ മുറ്റത്തേക്ക് വീഴുന്ന മഴത്തുള്ളികൾ ആരും കാണാതെ ഞാൻ തട്ടിത്തെറിപ്പിക്കുമായിരുന്നു. ചാലിലൂടെ ഒഴുകുന്ന മഴവെള്ളത്തിൽ എത്രയോ കളിത്തോണികൾ ഞാൻ ഒഴുക്കിവിട്ടിട്ടുണ്ട്. വീടിന്റെ മുറിയിൽ ചില സ്ഥലങ്ങളിൽ ഓട് പൊട്ടിയിരുന്നു. ശക്തമായ മഴയിൽ അകം ചോർന്നിരുന്നു. ചിലനേരങ്ങളിൽ ആരുംകാണാതെ ഞാൻ മഴയത്തേക്ക് ഇറങ്ങും.ശൂന്യതയിൽ നിന്ന് വാരിവിതറുന്ന മുത്തുമണികൾ എന്റെ ശരീരത്തിൽ പതിച്ചു. എന്തൊരു കുളിർമ്മ.ഒരിക്കലും വീട്ടിൽ നിന്ന് മഴനനയാത്ത ഞാൻ അന്നാദ്യമായി മഴ നനഞ്ഞു.ചൂടുപിടിച്ച എന്റെ ശരീരത്തിൽ നിന്ന് നീരാവി പുറത്തേക്ക് പോവുന്നു. ബാല്യകാലത്തെ അനുഭവങ്ങൾ ഇനി തിരിച്ച് വരുമോ?കാലം മാറിയിരിക്കുന്നു. പറമ്പിലും തൊടിയിലും ഓടിനടന്നിരുന്ന കാലം, മാങ്ങയും ചാമ്പയും തിന്ന് നടന്ന കാലം എനി തിരിച്ച് വരുമൊ? ഞാൻ പ്രതീക്ഷക്കുന്നു. ഇന്നും.

അഭയ.ടി.വി

# പിറന്നാൾ സമ്മാനം

അന്ന് എനിക്ക് വലിയ സന്തോഷമുള്ള ദിനമായിരുന്നു . എന്റെ പിറന്നാളിന് വലിയ ആഘോഷമൊന്നുമില്ല. എന്നാലും ഞാൻ എന്റെ അച്ഛനോട് ഈ പിറന്നാളെങ്കിലും ആഘോഷിക്കാം എന്ന് പറഞ്ഞു.പക്ഷേ അച്ഛന്റെ കൈയിൽ കാശൊന്നും ഉണ്ടായിരുന്നില്ല. അന്ന് എന്റെ പ്രീയ കൂട്ടുകാർക്ക് മിഠായി വാങ്ങിക്കൊടുക്കാൻ പോലും കഴിഞ്ഞില്ല. അതിനാൽ എന്റെ പിറന്നാളാണെന്ന കാര്യം അവരോട് ഞാൻ പറഞ്ഞില്ല. പക്ഷേ എന്നെ ഞെട്ടിച്ചുകൊണ്ട് അവർ എനിക്കൊരു സമ്മാനപ്പൊതി തന്നു. ഞാൻ ഒരുനിമിഷം കരഞ്ഞു പോയി. അവരുടെ സ്നേഹത്തിനുമുന്നിൽ ഞാൻ തോറ്റു പോയി. ആ പൊതി ഞാൻ തുറന്നു നോക്കി. ഞാൻ കൊതിച്ചിരുന്ന ഒരു പാവയായിരുന്നു അത്.ഞാൻ നോക്കുമ്പോൾ അത് എന്നോട് ചിരിക്കുന്നതായി എനിക്കു തോന്നി.

സ്കൂളിൽ നിന്നു കിട്ടിയ സന്തോഷത്തോടെ ഞാൻ വൈകുന്നേരം വീട്ടിലെത്തി.വാതിലിനരികിൽ എന്റെ അച്ഛൻ എന്നെ കാത്തുനിൽക്കുന്നു. എന്നെ കണ്ട അച്ഛൻ എനിക്കൊരു പൊതി തന്നു. അതിലൊരു ഉടുപ്പായിരുന്നു. അച്ഛനിത്രയൊക്കെയെ കഴിയൂ എന്ന് അച്ഛനെന്നോടു പറഞ്ഞു. അച്ഛനെ ഞാൻ കെട്ടിപ്പുണർന്നു.

ആ ദിവസം എനിക്കൊരിക്കലും മറക്കാൻ കഴിയില്ല.....

**അർഷ കെ.കെ**

# ബാല്യകാലം

ഓർമയുടെ  ചെപ്പുകൾ
കുടിയേറും നാളുകൾ
അമ്മയുടെ വഴക്കുകൾ
കേട്ടുറങ്ങും നാളുകൾ
കൺചിമ്മി തുറക്കും നേരം
വലുതായി എൻ ബാല്യകാലം
നെല്ലിക്ക കടിച്ചും നമ്മൾ
മാവിൻ മേൽ കേറി കേറി
മാങ്ങകൾ ഉപ്പും കൂട്ടി
പാടത്തും പാടിനടന്ന്
മണ്ണിന്റെ മഹിമയും ഉണർത്തി
ഓർത്തിരിക്കാനായൊരുകാലം

**അസ്അദ് കെ.വി**



ഫാത്തിമ എം.വി

# കൂട്ടുകാരൻ

ചങ്കിടിപ്പോടെ പള്ളിക്കൂടത്തിൽ
പല്ലുപുളിച്ചിട്ടും നെല്ലിക്കയുമായി
എൻ സഹപാഠി കാത്തുനിൽക്കുമെന്നും.
എന്റെ കയ്യിൽ ചേർത്തുവച്ച്
ചിരിയുണർത്തി ഓടിനടന്ന്
കരയുന്ന നാളിൽ കൂടെകരഞ്ഞ്
ചിരിക്കുന്ന നേരം കൂടെ ചിരിച്ച്
രാവിന്റെ നേരം വണ്ടീക്കറക്കം.
പകലിന്റെ നേരം ഫോണിൽ കളിച്ചും
എന്റെ കൂട്ടായ് കരുന്നായ് കൂട്ടുകാരൻ

ആഷിൽ വി

# MY MOTHER

My mother is my mother

My mother,my mother

My mother,my mother

My sweet mother

My dear mother

My mother is my teacher

My mother is my friend

My mother is my rool

My mother is my seeing god

I like my mother ,I love my mother



**Rose Mariya N.J**

# മഴ ഓർമ്മയായ്...

വാനങ്ങളിൽ നിന്നും തുള്ളികളായ്
കുതിച്ചുയർന്ന് തിരികെപോയി
പിന്നൊരു നാളിൽ
കുളിരോർമയേകാൻ
നിലം പതിക്കും തുള്ളികളേ...
നിറമില്ലാതൊരു വെള്ളതുള്ളി
പറ്റിപ്പിടിക്കുമീ പുൽതകിടിൽ
തൊട്ടുതൊട്ടില്ലെന്ന കാരണമായ്
കുഞ്ഞിക്കൈകളാൽ പുൽതകിടിൽ
ആകാശമേഘങ്ങൾ പരന്നുകി-
ടക്കുന്ന രൂപമാം തുള്ളികൾക്ക്
ആരും കൊതിച്ചിട്ടും ഒന്നു തൊടാനായ്
ആരും കൈചൂണ്ടിട്ടും സ്പർശനമേൽക്കാനായ്
ഞാനും കൊതിച്ചിട്ടുണ്ടാനിമിഷത്തിന്.

അബൂബക്കർ സിദ്ദീഖ്

# പുഴ വിഴുങ്ങിയ അവധിക്കാലം


അവർ പാടവരമ്പതപത്തൂടെ നടക്കുകയായിരുന്നു. വളരെ സന്തോഷത്തോടെയാണ് അവരുടെ യാത്ര. സ്കൂൾ പൂട്ടിയ സമയമല്ലെ അങ്ങനെയാണ് ചിന്നുവും ചന്തുവും അവരുടെ അമ്മവീടായ മഞ്ചേശ്വരത്തെത്തിയത്. ഉല്ലാസത്തോടും സന്തോഷത്തോടും കൂടിയ ആ യാത്രയിൽ അയൽവീട്ടിലെ അമ്മുവും അപ്പുവും ഉല്ലാസും കുഞ്ഞപ്പയും അബ്ദുല്ലയും ഒക്കെ ഉണ്ടായിരുന്നു. മുത്തശ്ശിമാവിന്റെ ചില്ലയിൽ ഊഞ്ഞാലുകെട്ടിയും പേരയ്ക്ക പറിച്ചും അവർ രസിക്കുകയാണ്.അപ്പോഴാണ് ഉല്ലാസ് പറഞ്ഞത്,നമുക്കൊന്ന് പുഴയിലേക്ക് പോയാലോ?ചിന്നു പറഞ്ഞു:അമ്മ സമ്മതിക്കുകയില്ല.അതുകൊണ്ട് ഞാൻ വരില്ല.അത് കുഴപ്പമില്ല."വേഗംവരാം.പ്ലീസ്".ചന്തുനിർ ബന്ധിച്ചു. പേടിയോടെയാണെങ്കിലും ചിന്നു സമ്മതിച്ചു.അങ്ങനെയവർ പുറപ്പെട്ടു. പുഴയെത്തി.ഉല്ലാസും അബ്ദുല്ലയും പുഴയിൽ നീന്തി. പുഴയെന്തെന്നറിയാത്ത ചിന്നുവിനതിലിറങ്ങാൻ തിടുക്കമായി.അങ്ങനെ അവളിറങ്ങി. നീന്തലറിയാത്ത അവൾ വെള്ളത്തിൽ മുങ്ങുകയും പൊങ്ങുകയും ചെയ്തു.ആർക്കുമവളെ രക്ഷിക്കാൻ കഴിഞ്ഞില്ല.അങ്ങനെ അവധിക്കാലം ഒരു സന്തോഷക്കാലമാക്കാൻ വന്ന അവർക്കതൊരു സങ്കടത്തിന്റെ തോരാമഴയായി മാറി.

ജസ്ന .പി

# അറിവ്  പകർന്നിടാം

അക്ഷരമുറ്റത്തെ  ആലിൻചുവട്ടിൽ
അറിവിന്റെ  ആദ്യാക്ഷരങ്ങൾ  സ്വന്തമാക്കി നാം
അറിവിന്റെ  പടവുകൾ  പണിതുയർത്തി
വിജ്ഞാന  വിഹായസ്സിൽ  കടന്നുചെല്ലാം
അറിയാത്ത  പാഠങ്ങൾ  അമൃതമായി നുകർന്നിടാം
വരുംതലമുറയ്ക്കത്  ആയിരമടങ്ങായി പകർന്നിടാം

ജാസിദ സിദ്ദീഖ്




അർഷിദ പി.പി

# പ്രളയം തീർത്ത ഓണക്കാലം

**പൂക്കാലമായല്ലോ ഉണ്ണീ...**
**ഓണമായല്ലോ ഉണ്ണീ...**
**മുറ്റത്തുപൂവിട്ടു നിൽക്കുന്ന**
**ചെത്തിയും മന്ദാരവും നീയിറുത്തോ?**
**മണമുള്ള മധുവുള്ള ചെമ്പനീർപ്പൂവും**
**മന്ദഹസിച്ചിതാ നിൽപ്പൂ...**
**പ്രളയത്തെ നേരിട്ട കേരളമിപ്പോൾ**
**ഒന്നിച്ചൊരാഘോഷത്തിമിർപ്പിലായി...**
**സങ്കടക്കടലിന്ന് സാന്ത്വനമായി,**
**ഇന്നൊരാഘോഷവേളയായി,**
**ഹിന്ദുവും ക്രിസ്ത്യനും മുസ്ലീമുമൊന്നായി**
**ഒന്നിച്ചൊരൊണമാഘോഷിപ്പൂ വീണ്ടും.**
**സ്നേഹത്തിലായിരം പൂക്കളം തീർപ്പൂ...**
**ഈ ഓണക്കാലത്തു വീണ്ടും.**

ദേവിക.കെ




ദേവിക.കെ

# സൂര്യന്റെ വെളിച്ചം

അസ്തമനസൂര്യൻ കിഴക്കു നിന്ന്
കടൽത്തീരം വെട്ടിത്തിളപ്പിച്ച്
ആയിരം കണ്ണുള്ള വട്ടനിലാവ്
ഉദിച്ചു താഴ്ന്നു വെളിച്ചവും നൽകി
പാറിപ്പറക്കുന്ന കിളികളെല്ലാം
വെളിച്ചത്തിൽ ചിറകിട്ടടിച്ചു നിൽക്കേ...
ഞാനും കണ്ടാ വെളിച്ചം
എൻ കണ്ണിൽ പ്രകാശം പരത്തി.

റംഷാദ് പി.കെ

# പ്രകൃതിയുടെ  ഭീകരത



അപ്പു രാവിലെ എഴുന്നേറ്റ് പുറത്തേക്കിറങ്ങി. കണ്ണുതുറന്നു നോക്കിയപ്പോൾ കാണുന്നത് മഴയാണ്. മഴയെന്നുവച്ചാൽ കോരിച്ചൊരിയുന്ന മഴ.ഒപ്പം കാറ്റും ഉണ്ടായിരുന്നു.അമ്മ അകത്തുനിന്നും വിളിച്ചുപറഞ്ഞു.മോനേ ഇന്ന്സ്കൂള് അവധിയാണ്. വയലിലും പുഴയിലുമെല്ലാം വെള്ളം കയറിയിരിക്കുകയാണ്. അതു കേട്ടപ്പോൾ അവന്  സന്തോഷവും ദുഃഖവും ഉണ്ടായി.ഇന്ന് കളിക്കാനൊന്നും കഴിയില്ലല്ലോ. അവൻ അകത്തേക്കുതന്നെ പോയി. ടീ.വി തുറന്നപ്പോൾ ദുരന്തങ്ങളുടെ കഥമാത്രമായിരുന്നു. ഉരുൾപൊട്ടൽ,മണ്ണിടിച്ചിൽ അങ്ങനെ പലതും. പെട്ടെന്ന് ഒരു വലിയ കാറ്റ് വീശി.എന്റെ വീടിനടുത്തെ മരങ്ങളെല്ലാം കടപുഴകിവീണു.അന്നാദ്യമായാണ് പ്രകൃതിയുടെ ഭീകരത അവൻ കാണുന്നത്.

ഫാത്തിമ എം.വി

# കുരുന്നെൻ കൂട്ടുകാരി

കൂട്ടിനെന്നും കാത്തുനിൽക്കും
പറവകളായും പക്ഷികളായും
വാനം മുഴുവൻ ചുറ്റിനടന്നും
വിശ്വാസത്തിൻ പൊൻതൂവൽപോലെ
എന്നും കൂട്ടിനുള്ളവൾ കൂട്ടുകാരി
ആഘോഷത്തിര പൂത്തുലഞ്ഞാലും
സങ്കടദീപം ചേർന്നാലും
ആശ്രയമായി കൂടെയുണ്ടെൻ
കൂട്ടുകാരി കുരുന്നുകാരി
സങ്കടം വന്നാൽ ചിരിയുണർത്തി
കരഞ്ഞാലവൾവന്ന് കണ്ണീരുമൊപ്പി
അടുത്തിരുന്നവൾ അകലെയായാലും
സൂര്യനുദിച്ചാലും ചന്ദ്രനുദിച്ചാലും
അടുത്തിരുന്ന് കുരുന്നുകൾചൊല്ലി
സന്തോഷമുണർത്തിയവളെൻ കൂട്ടുകാരി

നാസിൽ സി.പി

# എന്റെ യാത്രാനുഭവം




ഒരിക്കൽ ഞാനും എന്റെ കുടുംബവും ഒരു യാത്ര നടത്തി. കണ്ണൂരിലേക്ക് ഒരു യാത്ര നടത്തി.വൈകുന്നേരം മൂന്ന മണിയാകുമ്പോഴേക്കും അവിടെ എത്തി.എനിക്ക് വളരെ ഇഷ്ടമുള്ള സ്ഥലമാണ് കടൽ.ഞങ്ങൾ അവിടെ എത്തി.ഒരുപാട് നേരം കടൽ നോക്കി നിന്നു.ഞാൻ ഐസ്ക്രീം തിന്നു.ഊഞ്ഞാലാടി.എന്റെ അനുജൻ മറ്റ് കളികൾ കളിച്ചു.അവിടെ നിന്നും സൂര്യാസ്തമയവും കണ്ട് ഞങ്ങൾ മടങ്ങി .

ഷംന.വി.പി

# എന്റെ വിദ്യാലയം

ജീവിതത്തിൽ മുന്നേറാനുള്ള അഗ്രഹമാണ് എന്നെ എന്റെ വിദ്യാലയമായ എ.കെ.എസ്.ജി.എച്ച്.എസ്.എസ് മലപ്പട്ടം എന്ന വിദ്യാലയത്തിന്റെ പടി വാതിലിലേക്ക് കൊണ്ടെത്തിച്ചത്.അറിവിന്റെ വിജ്ഞാനത്തിലേക്ക് എനിക്ക് വഴി തെളിയിച്ചു തന്ന ഒന്നാണ് എന്റെ ഈ വിദ്യാലയം.സൗഹൃദ ബന്ധവും സാഹോദര്യ ബന്ധവും ഒരുപോലെ പുലർത്തിയ അധ്യാപകരും വിദ്യാർത്ഥികളും ചേർന്നതാണ് എന്റെ ഈ വിദ്യാലയം.എന്നും ഏത് പ്രയാസത്തിലും കൂട്ട് നിൽക്കുന്ന കൂട്ടുകാരെയും അധ്യാപകരെയും എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല.
വിദ്യാർത്ഥികളെല്ലാം ഒരു കുടുംബമെന്ന പോലെ ജീവിച്ച ഈ സ്കൂൾ എന്റെ ജീവിതത്തിൽ എപ്പോഴും മായാതെ കിടക്കും.




സിനാൻ.എം.സി